"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി-2023 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.140/2022/ധന** **തീയതി, തിരുവനന്തപുരം, 21/11/2022**

പരാമർശം:-
1) 23/11/2010 ലെ സ.ഉ(പി)നമ്പർ 616/2010/ധന
2) 04/11/2011 ലെ സ.ഉ(പി)നമ്പർ 504/2011/ധന
3) 03/11/2012 ലെ സ.ഉ(പി)നമ്പർ 606/2012/ധന
4) 17/04/2013 ലെ സ.ഉ(പി)നമ്പർ 176/2013/ധന
5) 19/10/2013 ലെ സർക്കുലർ നം 79/2013/ധന
6) 13/11/2013 ലെ സ.ഉ(പി)നമ്പർ 555/2013/ധന
7) 17/11/2014 ലെ സ.ഉ(പി)നമ്പർ 507/2014/ധന
8) 19/11/2015 ലെ സ.ഉ(പി) നമ്പർ 526/2015/ധന
9) 30/09/2016 ലെ സ.ഉ(പി) നമ്പർ 144/2016/ധന
10) 21/10/2017 ലെ സ.ഉ(പി) നമ്പർ 133/2017/ധന
11) 12/11/2018 ലെ സ.ഉ(പി) നമ്പർ 175/2018/ധന
12) 30/05/2019 ലെ സർക്കുലർ നം 57/2019/ധന
13) 24/02/2019 ലെ സ.ഉ(പി) നമ്പർ 21/2019/ധന
14) 18/11/2019 ലെ സ.ഉ(പി)നമ്പർ 159/2019/ധന
15) 05/11/2020 ലെ സ.ഉ (പി) നം. 150/2020/ധന
16) 10/02/2021 ലെ സ.ഉ(പി) 26/2021/ധന
17) 26/07/2021-ലെ സ.ഉ(പി) 106/2021/ധന
18) 23/11/2021 -ലെ സ.ഉ(പി) 153/2021/ധന
19) 25/01/2022-ലെ സ.ഉ(പി)9/2022/ധന
20) 21/05/2022 -ലെ സ.ഉ(സാധാ) നം 3813/2022/ധന
21) 26/08/2022 ലെ സ.ഉ(പി) 95/2022/ധന
22) 11/10/2022 ലെ സർക്കുലർ നം 85/2022/ധന
23) 26/10/2022 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ ജി.പി.എ.ഐ.എസ്/എം.3/റ്റി 002208033 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ,

എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. തുടർന്നുള്ള എല്ലാ വർഷങ്ങളിലും പദ്ധതി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പരാമർശം 18 പ്രകാരം ടി പദ്ധതി 2022 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സർക്കാർ ജീവനക്കാർ 500/-രൂപ, സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/പൊതുമേഖലാ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ 500 രൂപ + GST, കെ.എസ്.ആർ.ടി.സി ജീവനക്കാർ 600/-രൂപ + GST,കെ.എസ്.ഇ.ബി ജീവനക്കാർ 850/-രൂപ + GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. ജി.എസ്.റ്റി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്കു വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഗ്ദത്ത തുക 10 ലക്ഷം രൂപയാണ്. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാന്റോകൾക്കും, കോസ്റ്റൽ പോലീസ് ജീവനക്കാർക്കും കമാൻഡോ ഓപ്പറേഷൻ /ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ച് കൊണ്ട് പരാമർശം 13,14,15,16,17 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത വിഭാഗം ജീവനക്കാർക്ക് വാർഷിക പ്രീമിയം 800/- രൂപയായും, കമാൻഡോ ഓപ്പറേഷൻ/ ഡ്യൂട്ടിക്കിടയിൽ അപകടമരണം സംഭവിച്ചാൽ വാഗ്ദത്ത തുക 20 ലക്ഷം രൂപയായും മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിരുന്നു.

നിലവിലുള്ള പദ്ധതിയുടെ കാലാവധി 31/12/2022 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2023 മുതൽ 31/12/2023 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 23 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾ അതേപടി തുടർന്നുകൊണ്ട് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01/01/2023 മുതൽ 31/12/2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

i) നിലവിലുള്ള പ്രീമിയം നിരക്കിൽ വാഗ്ദത്ത തുക 10 ലക്ഷമായി തുടരുന്നതാണ്.

ii) GST ബാധകമായ സ്ഥാപനങ്ങൾ ആയത് ഒടുക്കേണ്ടതാണ്.

iii) ജി.പി.എ.ഐ.എസ് പദ്ധതി പ്രകാരമുള്ള പരിരക്ഷയ്ക്ക് ആത്മഹത്യ കേസുകൾക്കും, മദ്യപിച്ചും, ലഹരി വസ്തുക്കളുടെ ഉപയോഗത്താലും ഉണ്ടാകുന്ന അപകടങ്ങൾക്കും, നിയമം തെറ്റിച്ചുണ്ടാകുന്ന അപകടങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല .പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ബാധകമാണ്

iv) ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാൻഡോകൾ/വനിതാ കമാൻഡോകൾ/ കോസ്റ്റൽ പോലീസ് എന്നീ വിഭാഗം ജീവനക്കാർക്ക് കമാൻഡോ ഓപ്പറേഷൻ/ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രീമിയം തുക 800/- രൂപക്ക് വാഗ്ദത്ത തുക 20 ലക്ഷം രൂപയായും, മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും തുടരുന്നതാണ്.

v) ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭ്യമാകുന്നതിന് കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങൾ, കോ ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ പരാമർശം 5,12 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ടി ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാണ്. എന്നാൽ SLR വിഭാഗം ജീവനക്കാർക്കും, സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ്

ജീവനക്കാർക്കും എസ്.എൽ.ഐ, ജി.ഐ.എസ് ബാധകമല്ലെങ്കിലും ജി.പി.എ.ഐ.എസ് അംഗത്വത്തിന് അർഹതയുണ്ടായിരിക്കും .

vi) 2023 വർഷത്തേക്കുള്ള വാർഷിക പ്രീമിയം ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ അല്ലെങ്കിൽ ശമ്പള വിതരണ ഉദ്യോഗസ്ഥൻ 2022 നവംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി 31/12/2022 –നകം **ഇൻഷ്വറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ '8011-00-105-89- ഗ്രൂപ്പ് പേർസണൽ അക്സിഡന്റ്റ് ഇൻഷ്വറൻസ് പദ്ധതി'** എന്ന ശീർഷകത്തിൽ (ജി പി എ ഐ എസ് പ്രീമിയം ഒടുക്കിയിരുന്ന സസ്പെൻസ് ശീർഷകമായ 8658-00-102-88 ന് പകരം) ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. അന്യത്ര സേവനത്തിലുള്ള ജീവനക്കാരും,സസ്പെൻഷനിലുള്ളവരും , ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാലോ മറ്റെന്തെങ്കിലും കാരണത്താലോ ശമ്പളം ലഭിക്കാത്ത ജീവനക്കാരും 2023 വർഷത്തേയ്ക്കുള്ള വാർഷികപ്രീമിയം 31/12/2022-നകം നേരിട്ട് **ഇൻഷ്വറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ '8011-00-105-89- ഗ്രൂപ്പ് പേർസണൽ അക്സിഡന്റ്റ് ഇൻഷ്വറൻസ് പദ്ധതി'** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

vii) ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റെല്ലാ ജീവനക്കാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് പുതുക്കാതിരിക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

viii) എല്ലാ വകുപ്പ മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്.

ix) ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ് . എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ്.എം.കൗൾ**

**ധനകാര്യ എക്സ്പെൻഡീച്ചർ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.

വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്പാർക്ക് പി.എം.യു, -1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം -695034

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.-2236845)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ